ഡാക്ടർ എ. ആർ. മേനോൻ: നിശ്ചയമായും കൊടുക്കും. ഈ ഡിപ്പാർട്ട്മെണ്ടിൽ കഴിയുന്നിടത്തോളം ചെറുമക്കൾക്കും പുലയർക്കും കൊടുത്തതിനു ശേഷമല്ലാതെ വേറെ ആൾക്കും കൊടുക്കുകയില്ല.

മിസ്റ്റർ എ. വി. മൂന്നേടൻ: ചാലക്കുടിയിലെ വിജയരാഘവപുരം നെയ്ത്തുശാലയിൽ എത്ര തറികളുണ്ട്?

Dr. A. R. Menon *(Minister for Rural Development)*: I cannot give you details.

DEPRESSED CLASSES—CONCESSIONS TO FAILED PUPILS.

79. മിസ്റ്റർ കെ. പി. വള്ളോൻ: താഴെ എഴുതുന്ന പ്രോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും ദയയായ മറുപടി നൽകുമോ:—

(എ) തോറ്റ അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകം മുതലായ വിദ്യാർത്ഥിവേതനങ്ങൾ എഫ് ഫോം-ൽ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എല്ലാ വിദ്യാലയങ്ങളിൽനിന്നും തോറ്റ വിദ്യാർത്ഥികളുടേയും ഇൻറൻവ്യൂ അയക്കേണ്ടതാണെന്നു ഒരു കല്പന പുറപ്പെടുവിക്കുമോ?

ഡാക്ടർ എ. ആർ. മേനോൻ: (എ) ഒരുകൊല്ലം മാത്രം തോറ്റ അധഃകൃത വിദ്യാർത്ഥികൾക്കു പുസ്തകങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) കല്പന മുമ്പുതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ: ഒരു കൊല്ലം തോറ്റ വിദ്യാർത്ഥികൾ എന്നതു രണ്ടു കൊല്ലം എന്നാക്കി മാറ്റുവാൻ പാടില്ലേ?

ഡാക്ടർ എ. ആർ. മേനോൻ: ഇതിനുതന്നെ ഏകദേശം ൪,൦൦൦ രൂപയിൽ അധികം വേണ്ടിവരുന്നുണ്ട്. അവക്കായിട്ടു നീക്കിവെച്ചിട്ടുള്ള സംഖ്യ മുഴുവനും അവക്കായിട്ടതന്നെ ചിലവാക്കും. അല്ലാതെ അതെടുത്തു വേറെ ഒരു ഇനത്തിലേക്കു മാറ്റുകയാകട്ടെ ലാപ്സാക്കുകയാകട്ടെ ചെയ്യുകയില്ല.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പുസ്തകങ്ങൾ കൊടുത്തിട്ടു കുട്ടികൾ തോല്ക്കുന്നതുകൊണ്ടു ഗവൺമെണ്ടിനു നഷ്ടം വരുകയില്ലേ?

ഡാക്ടർ എ. ആർ. മേനോൻ: കുറെ നഷ്ടംവരും. എന്താണെന്നു വെച്ചാൽ ഒരു കൊല്ലം തോറ്റ കുട്ടികൾക്കു രണ്ടാമതും പുസ്തകം വാങ്ങിക്കൊടുക്കുവാൻ ചിലവുണ്ട്. അധഃകൃതവിദ്യാർത്ഥികൾക്കും മറ്റുള്ള വിദ്യാർത്ഥികൾക്കും പുസ്തകം ആവശ്യമുള്ളതു ഒരുപോലെതന്നെ. ഈ ഹൌസു നല്ലപോലെ ഗ്രഹിച്ചു മനസ്സിലാക്കണം. ഒരു കൊല്ലം തോറ്റ കുട്ടികൾക്കു പുസ്തകം മാത്രം വാങ്ങിക്കൊടുക്കുന്നതിനു ൪,൦൦൦ രൂപിക ചിലവുവരുന്നുണ്ടെന്നുള്ളതു്.

മിസ്റ്റർ സി. വി. ഇയ്യു: ധനികന്മാരായ ക്ഷുദ്രകർഷകന്മാരുടെ കുട്ടികൾ പഠിച്ചു പാസായാൽ ആ കൊല്ലത്തെ പുസ്തകം അധഃകൃതകുട്ടികൾക്കു ദാനം ചെയ്യണമെന്നു ഗവൺമെണ്ടിൽനിന്നും ദയവായി ഒരു സർക്കുലർ പുറപ്പെടുവിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഡാക്ടർ എ. ആർ. മേനോൻ: ഗവമ്മെണ്ടിൽനിന്നും സക്കുലർ പുറപ്പെടുവിച്ചു് ജനങ്ങളുടെ മനസ്ഥിതി മാറുവാൻ സാധിക്കുമോ? മിസ്റ്റർ ഇയ്യുത്തന്നെ ഇക്കാര്യത്തിനുവേണ്ടി ഇംഗ്ലി പ്രസംഗിച്ചു് നടക്കുകയാണെങ്കിൽ അതു വളരെ നന്നായിരിക്കും.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ അതു ചെയ്യുവാൻ തയ്യാറാണു്, ചെയ്യുന്നുമുണ്ടു്. ധനവാന്മാരായ രക്ഷകർത്താക്കളുടെ കുട്ടികൾ പഠിച്ച പുസ്തകങ്ങൾ അതായതു സ്കൂൾ ഫൈഡ് മാസ്റ്റർമാരെ എല്പിക്കേണ്ടതാണെന്നു ഗവമ്മെണ്ടിൽനിന്നും ഒരു ഉപദേശം കൊടുക്കുവാൻ വിരോധമുണ്ടോ?

Dr. A. R. Menon *(Minister for Rural Development):* It is a reasonable suggestion. I will certainly issue orders to the Director to issue the necessary circulars.

Mr. K. R. Viswambharan *(Ezhuvas-Talappalli):* May I know whether concessions are extended to the pupils of certain communities who are included in the list of depressed classes, only for the purpose of education?

Dr, A. R. Menon *(Minister for Rural Development):* There is a misapprehension. There was an article in a paper. It is based upon a false presumption. We are not going to do anything. But this House must consider whether the Government is in a position to extend these concessions to all the various communities included in the depressed classes. Orders have been issued to give the same concessions to all the pupils as in the last year.

Mr. K. R. Viswambharan *(Ezhuvas-Talappalli):* There was a complaint that the Perumannans who are included in the list of depressed classes for purposes of education have not been given this sort of concession.

Dr. A. R. Menon *(Minister for Rural Development):* No orders were issued. I have told them that no such order was issued when they waited upon me in deputation. Somebody wrote an article and others copied it. They are given the same concessions as they enjoyed last year.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: സ്കൂൾ തുറക്കുമ്പോൾ തോറ്റ കുട്ടികൾക്കു പുസ്തകം കൊടുക്കണമെന്നു കല്പന അയച്ചിട്ടുള്ളതു്. എന്നാണെന്നു പറവാൻ സാധിക്കുമോ?

ഡോക്ടർ എ. ആർ. മേനോൻ: തിയ്യതിയൊ? ലോകത്തിലുള്ള തിയ്യതികളെല്ലാം നോക്കുവാൻ സാധിക്കുമോ?

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി: ആദ്യം തോറ്റ കുട്ടികൾക്കു പുസ്തകം കൊടുക്കുന്നതു റദ്ദുചെയ്കയുണ്ടായി. രണ്ടാമതു കൊടുക്കാമെന്നു് ഒരു കല്പന പുറപ്പെടുവിച്ചു. എന്റെ ഉപയോഗ്യം ഇതിൽ നിന്നും വളരെ അകന്നതല്ലാത്തതു കൊണ്ടു് രണ്ടാമതായ കല്പന എന്നാണെന്നു പറഞ്ഞാൽ കൊള്ളാം. നിശ്ചയമില്ലെങ്കിൽ അതു പറഞ്ഞാൽ മതി.

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എ. ആർ. മേനോൻ: എന്റെ അറിവിൽ പെട്ടിടത്തോളം ഇപ്പോൾ അങ്ങിനെ തന്നെയാണ്.

മിസ്റ്റർ വി കെ. കൃഷ്ണൻകുട്ടി: സ്കൂൾ തുറന്ന കുറച്ചു കഴിഞ്ഞിട്ടാണ് കല്പന അയക്കുന്നത്. എന്നാൽ സ്കൂൾ തുറന്ന മൂന്നു മാസം വരെ പുസ്തകം കിട്ടാതെ കുട്ടികൾ ബുദ്ധിമുട്ടുന്നുണ്ട്. പഠിക്കുവാൻ തന്നെ പിന്നോക്കമായവർക്ക് പുസ്തകം കൂടി താമസിച്ചു കൊടുത്താൽ അവർ എങ്ങിനെയാണ് പഠിക്കുക.

Dr. A. R. Menon *(Minister for Rural Development):* It is only after boys are admitted in schools that information can be gathered. When the information is gathered, these books are distributed. This year books were distributed earlier than it had ever been in the history of the depressed classes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇപ്പോൾ പുസ്തകം കൊടുത്തുതുടങ്ങിയോ?

ഡോക്ടർ എ. ആർ. മേനോൻ തുടങ്ങിയിട്ടുണ്ട്.

PUBLIC HEALTH--PANCHAYAT CONTRACTORS--REFERENCE REGARDING.

80. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് ദയവായി മറുപടി പറയുമോ:—

(എ) പബ്ലിക്ക് ഹെൽത്ത് പഞ്ചായത്ത് ഡിപ്പാർട്ട്മെണ്ടിൽ എഫ്എം, എഫ്എഫ് ഈ കൊല്ലങ്ങളിൽ പണികൾ നടത്തീട്ടുള്ള പ്രധാന കരാറുകാരിൽ ആരെപ്പറ്റിയെങ്കിലും ബഹുമാനപ്പെട്ട ഗ്രാമോദ്ധാരണമന്ത്രി അവർകൾ വകുപ്പ് സെക്രട്ടറി അവർകളോട് ചോദ്യം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ;

(ബി) ഏതു കരാറുകാരനെപ്പറ്റിയാണെന്നും ചോദ്യം എന്താണെന്നും ചോദ്യത്തിന്റെ ഉദ്ദേശം എന്താണെന്നും പറയാമോ?

ഡോക്ടർ എ. ആർ. മേനോൻ: (എ) & (ബി) ഇതിനെപ്പറ്റിയുള്ള എഴുത്തുകുത്തുകൾ പരസ്യമാക്കുവാൻ പാടില്ലാത്തതരത്തിലുള്ളവ ആകയാലും, ഇതുകൊണ്ടു പബ്ലിക്കിനു യാതൊരു പ്രയോജനവും ഇല്ലാത്തതുകൊണ്ടും ഉത്തരം പറയുന്നതിനു നിവൃത്തിയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പബ്ലിക്കിനു് ഉപയോഗമില്ലാത്ത ഒരു സംഗതിയിൽ മിനിസ്റ്റർ എന്തു എഴുത്തുകുത്താണ് നടത്തീട്ടുള്ളത്?

ഡോക്ടർ എ. ആർ. മേനോൻ: ഡിപ്പാർട്ട്മെണ്ടു സംബന്ധമായ കാര്യങ്ങൾ നടത്തുന്നതു് എക്സിക്യൂട്ടീവ് അഡ്മിനിസ്ട്രേറ്റീവ് വർക്സ് ആണ്. അതിൽ കാൺഫിഡൻഷലായിട്ടുള്ള പലതും ഉണ്ടാകും. അതു സാധാരണ പറയാറു പതിവില്ല. ഈ ഇൻഫർമേഷൻ മെമ്പർക്ക് എങ്ങിനെ കിട്ടിയെന്നാണ് ഞാൻ അത്ഭുതപ്പെടുന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പബ്ലിക്കിനു് ഉപയോഗമില്ലാത്ത വാദപ്രതിവാദങ്ങളോ എഴുത്തുകുത്തുകളോ പരസ്യപ്പെടുത്താറുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഒരാളുടെ പേരു് അനാവശ്യമായി പറയേണ്ട എന്നാണു്. അതിന്റെ ആവശ്യം തീരെയില്ല.

LIBRARY ARCHIVES Kerala Legislative Assembly